**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1281 — 03.10.2016 ൽ മറുപടിക്ക്

## *ഡിജിറ്റൽ സംസ്ഥാനം*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.സി.ജോസഫ്**<br>**,, ഹൈബി ഈഡൻ**<br>**,, എം. വിൻസെന്റ്**<br>**,, വി.ഡി. സതീശൻ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ; | (എ) ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള മുന്നേറ്റങ്ങൾ അംഗീകരിച്ചു കൊണ്ട് ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>ഡിജിറ്റൽ സാക്ഷരതയ്ക്കായി തുടങ്ങിയ അക്ഷയ പദ്ധതി പിന്നീട് ഇ-സർവീസ് നൽകുന്ന കോമൺ സർവീസ് സെന്ററായി മാറുകയുണ്ടായി. സ്കൂൾ കുട്ടികളിൽ കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തുവാനും സ്കൂളുകൾ കമ്പ്യൂട്ടറൈസ് ചെയ്യുവാനും ഐടി @ സ്കൂൾ (it@school) പ്രൊജക്ട് വഴി കഴിഞ്ഞിട്ടുണ്ട്. കേരളത്തിലുടനീളം ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും സർക്കാരിന്റെ സ്റ്റേറ്റ് ഡാറ്റ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് മുതലായ സംരംഭങ്ങളും വിവിധ വകുപ്പുകളുടെ അനേകം ഇ-ഗവേണൻസ് സംവിധാനങ്ങളും നടപ്പിലാക്കുക വഴിയുമാണ് മേൽപറഞ്ഞ തലത്തിലുള്ള മുന്നേറ്റം സാധ്യമാക്കിയിട്ടുള്ളത്.<br><br>മൊബൈൽ ഫോണുകളുടേയും ടാബ്ലറ്റ് തുടങ്ങിയ ഉപകരണങ്ങളുടേയും സംസ്ഥാനത്തെ സാധാരണക്കാർക്കിടയിൽപോലുമുള്ള വ്യാപക പ്രചാരം കണക്കിലെടുത്ത് സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ മൊബൈൽ ഉപകരണങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള 'മൊബൈൽ ഗവേണൻസ്' പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ, നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ, സംസ്ഥാനത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ |

| | | | |
|---|---|---|---|
| | | | (SPC) മുഖേനയുള്ള ഡിജിറ്റൽ എംപവർമെന്റ് പദ്ധതി എന്നിവയ്ക്ക് രൂപം നൽകുകയും ഇവ സംസ്ഥാനത്താകമാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | ആരെയാണ് ഇതിന്റെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) | സംസ്ഥാന സർക്കാർ കേരള സ്റ്റേറ്റ് ഐ.ടി മിഷനെയാണ് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം എന്തെല്ലാം മുന്നേറ്റങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം കൈവരിച്ച ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്:-<br>i. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെ പരസ്പരം ബന്ധിപ്പിക്കുന്ന തരത്തിൽ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്.<br>ii. സംസ്ഥാനത്തെ ഒട്ടുമിക്ക ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളും സ്റ്റേറ്റ് ഡാറ്റ സെന്റർ (SDC)ൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്.<br>iii. ഡിജിറ്റൽ സാക്ഷരതയും സാധാരണക്കാർക്ക് ഇലക്ട്രോണിക് സേവനങ്ങളും അക്ഷയ വഴി നടപ്പിലാക്കിയിട്ടുണ്ട്.<br>iv. ഐ. ടി @ സ്കൂൾ മുഖേന ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്.<br>v. കേരളത്തിൽ മൊബൈൽ ഉപഭോക്താക്കളുടെ വർദ്ധനവ് കൂടുതൽ ആയതിനാൽ, ജനങ്ങളിൽ ഇ-ഗവേണൻസ് സേവനങ്ങൾ മൊബൈലിലൂടെ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br>vi. ഏറ്റവും കൂടുതൽ ഇന്റർനെറ്റ് ഉപഭോക്താക്കൾ ഉള്ള സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ വളർത്തിയെടുത്തതിൽ വിവരസാങ്കേതികവിദ്യാ വകുപ്പിന് പ്രഥമ പങ്കാണുള്ളത്. |

സെക്ഷൻ ഓഫീസർ